www. shenischool.in

ML 9101

# വാർഷിക മൂല്യനിർണ്ണയം - 2016

## മലയാളം പേപ്പർ - I

## കേരളപാഠാവലി

ക്ലാസ് : 9

സമയം : 1 1/2 മണിക്കൂർ ആകെ സ്കോർ : 40

**പൊതുനിർദ്ദേശങ്ങൾ**

- *ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.*
- *ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ഈ സമയം ഉപയോഗിക്കേണ്ടതാണ്.*
- *സമാശ്വാസ സമയത്ത് ഉത്തരങ്ങൾ എഴുതുവാൻ പാടുള്ളതല്ല.*
- *നിർദ്ദേശങ്ങൾക്കനുസരിച്ച് ഉത്തരമെഴുതുക.*

1. **മാതൃകപോലെ പിരിച്ചെഴുതുക.**

   മാതൃക : പണിയാലയിൽ - പണി + ആല + ഇൽ

   മാലോകരെല്ലാരുമൊന്നുപോലെ (2)

2. **മാതൃകപോലെ പദങ്ങൾ വിഗ്രഹിക്കുക.**

   മാതൃക : ഉദയാസ്തമയങ്ങൾ - ഉദയവും അസ്തമയവും

   1) ചരാചരം 2) ജരാനര (2)

3. അരവിന്ദന്റെ കാർട്ടൂണുകളിൽ കടന്നുവരുന്ന കഥാപാത്രമാണല്ലോ ഗുരുജി, താഴെ ക്കൊടുത്തിരിക്കുന്നവയിൽ നിന്നും ഈ കഥാപാത്രത്തിന്റെ സ്വഭാവസവിശേഷത കണ്ടെത്തി എഴുതുക.

   - എങ്ങനെയും ഒരു ജോലി കിട്ടിയേ മതിയാവു എന്ന അവസ്ഥ.
   - രൂപവും വേഷവും കൊണ്ട് ഒരു ബുദ്ധിജീവി.
   - കുറഞ്ഞ ശമ്പളത്തിൽ തൊഴിലെടുക്കാനാളെ കിട്ടുമോ എന്ന് അന്വേഷിക്കുന്നു. (2)

4. **തെറ്റുതിരുത്തുക**

   ഒരുവരെ അന്യായമായി നിന്ദിക്കുകയോ മറ്റൊരുവനെ അനർഹമായി സ്തുതിക്കുകയും ചെയ്യുന്നത് സത്യത്തിനും നീതിക്കോ വിപരീതമാണ്. (2)

5. "വിശ്വപ്രകൃതിയുടെ ഒരു ഭാഗം മാത്രമാണ് താനെന്ന ബോധം വൈക്കം മുഹമ്മദ് ബഷീറിനുണ്ട്" 'ഭൂമിയുടെ അവകാശികൾ' എന്ന കഥയെ ആസ്പദമാക്കി ഈ പ്രസ്താവന വിലയിരുത്തുക. (4)

6. 'കരിനിലമുഴുന്ന കർഷകരോടും വഴിനന്നാക്കാൻ വേണ്ടി വർഷം മുഴുവൻ വലിയ കരിങ്കൽപ്പാറ പൊട്ടിക്കുന്ന തൊഴിലാളികളോടുമൊപ്പം ചേർന്ന് ഇരുകൈകളിലും മണ്ണാർന്ന് ദൈവം കൂടെ നിൽക്കുകയാണ്'.

   "വേലക്കാരനോ യജമാനനോ" എന്ന പാഠഭാഗത്ത് നിന്നും ഈ ആശയവുമായി യോജിക്കുന്ന ഗാന്ധിജിയുടെ ചിന്തകൾ എന്തൊക്കെയാണെന്ന് കണ്ടെത്തുക. (4)

7. "മെഷീൻ കോഴിക്ക് കാണാനുള്ള ഭംഗിയേയുള്ളു. നാടൻകോഴി അങ്ങനെയല്ല. അത് അടയിരിക്കുമ്പോൾ തന്റെ കുഞ്ഞുങ്ങൾക്ക് എന്തൊക്കെ പറഞ്ഞുകൊടുക്കുന്നുണ്ടെന്നാണ് നിന്റെ വിചാരം". (കാട്ടിലേക്കുപോകല്ലേ, കുഞ്ഞേ)

ഈ അഭിപ്രായത്തെ പുതുതലമുറയുടെ ജീവിതവുമായി ബന്ധപ്പെടുത്തി വിശദീകരിക്കുക. (4)

8. "അമ്മയെപ്പിൻനിന്നലട്ടിഞാൻ വെപ്പിച്ചോ-
രഞ്ചാറുകൂട്ടം കറിക്കരികിൽ" (സഹപാഠികൾ)

കൂട്ടുകാരനെ വീട്ടിലേക്ക് ക്ഷണിച്ച കുട്ടിയുടെ ജീവിത സാഹചര്യം ഈ വരികളെ അടിസ്ഥാനമാക്കി എഴുതുക. (4)

9. പാതാളതുല്ല്യമായ നഗരത്തിൽ നിന്ന് ഒരു രാത്രി കൂടി മോഷ്ടിച്ച് കടക്കാൻ കവിയെ പ്രേരിപ്പിക്കുന്നത് ഗ്രാമീണമായ ചില പ്രത്യേക സൗഭാഗ്യങ്ങളാണ്.

കവിയെ സ്വാധീനിച്ച ഗ്രാമസൗഭാഗ്യങ്ങളെന്തൊക്കെയാണ്? (4)

10. കഥാപാത്രനിരൂപണം തയ്യാറാക്കുക.

'മടുത്തകളി'യിലെ കോന്തപ്പൻ (6)

**11. ആസ്വാദനം തയ്യാറാക്കുക.** (6)

## അനാവൃഷ്ടി

ഇടവം പോയി, കാല
    വർഷത്തിനെന്താണാവോ!
ഇടിവെട്ടുന്നില്ലൊരു
    മിന്നലും കാണുന്നീല
കുടിനീരില്ലാ, കിണ
    റൊക്കെയും വറ്റീ കഷ്ടം
കുടിലും വീടും തോടും
    പാടവും വരണ്ടല്ലോ!
ഇടയച്ചെറുക്കന്മാർ
    കന്നുകാലികളായി -
ട്ടിവിടം വിട്ടിട്ടെങ്ങോ
    പോകുന്നൂ തണ്ണീരിനായ്!
മടവിട്ടിറങ്ങുന്നൂ

മൂർഖന്മാർ തക്കം നോക്കി
മകരക്കൊയ്ത്തിൻ ശേഷം
തിന്നു കൂടുന്നു നമ്മൾ.
ഇക്കുറിയാരും വിള-
വിറക്കലുണ്ടാകില്ല
മിക്കദിക്കിലും കേൾപ്പൂ
വിതയ്ക്കാൻ വിത്തുള്ളവർ
മഴയെക്കുറിച്ചോർത്ത്
വേഴാമ്പലെന്നോണം ഹാ!
വളരും കണ്ഠത്തോടെ
കാത്തുകാത്തിരിക്കുന്നു.
ഇനിയും വാനിൽ കൊമ്പ-
നാനകളെത്തില്ലെന്നോ?
കവിതേ കോരിച്ചൊരി-
യേണ്ടതിന്നേരത്തല്ലോ!

*എം. എൻ. പാലൂര്*

www.shenischool.in

---